പതിമൂന്നാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ - **1382** **14. 06. 2013-** ലെ മറുപടി

<u>പ്രവാസി മലയാളികളെ സംരക്ഷിക്കാൻ നടപടി</u>

| <u>ചോദ്യം</u> | <u>ഉത്തരം</u> |
|---|---|
| ശ്രീ.കോടിയേരി ബാലകൃഷ്ണൻ | <u>ശ്രീ. കെ. സി. ജോസഫ്</u><br>*(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും നോർക്കയും വകുപ്പ് മന്ത്രി)* |
| (എ) തൊഴിൽ പ്രശ്നങ്ങളിൽപ്പെട്ട് കഴിഞ്ഞ ആറുമാസത്തിനിടയിൽ എത്ര മലയാളികൾ കവൈത്ത് ജയിലുകളിലായിട്ടുണ്ടെന്നും തൊഴിൽരഹിതരായി എത്ര പേർ സംസ്ഥാനത്ത് എത്തിയിട്ടുണ്ടെന്നും പരിശോധിച്ചിട്ടുണ്ടോ;<br><br>(ബി) എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ; | (എ & ബി) വിദേശ രാജ്യങ്ങളിൽ ജയിലിൽ അകപ്പെടുന്ന മലയാളികളുടെ വിവരങ്ങൾ ബന്ധപ്പെട്ട രാജ്യങ്ങൾ ഇന്ത്യൻ എംബസിക്കൊ സംസ്ഥാന സർക്കാരിനോ ലഭ്യമാക്കാറില്ല. എന്നതിനാൽ വിവിധ കുറ്റകൃത്യങ്ങളുടെ പേരിൽ വിദേശ രാജ്യങ്ങളിലെ ജയിലുകളിൽ എത്ര കേരളീയർ ഉണ്ട് എന്നതിനെ സംബന്ധിച്ച് കൃത്യമായ കണക്ക് സർക്കാരിന്റെ പക്കലില്ല. തൊഴിൽരഹിതരായി എത്തുന്നവരുടെയും കൃത്യമായ കണക്ക് ലഭ്യമല്ല. |
| (സി) അറേബ്യൻ നാടുകളിൽ നിയമം കർക്കശമാക്കിയതിനെതുടർന്ന് തൊഴിൽ നഷ്ടപ്പെട്ട് എത്തുന്ന പ്രവാസി മലയാളികളുടെ സംരക്ഷണത്തിനായി കേന്ദ്ര - സംസ്ഥാന സർക്കാരുകൾ ഇതിനകം എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്താമോ; | (സി) ബഹു. മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ മന്ത്രിതല സംഘം ഡൽഹിയിൽ ബഹു. പ്രധാന മന്ത്രി, വിദേശകാര്യ മന്ത്രി, പ്രതിരോധ മന്ത്രി, പ്രവാസികാര്യ മന്ത്രി, വിദേശകാര്യ സഹമന്ത്രി തുടങ്ങിയവരുമായി ഈ വിഷയം ചർച്ച ചെയ്യുകയുണ്ടായി. കേന്ദ്ര - സംസ്ഥാന സർക്കാരുകളുടെ സമയോചിതമായ ഇടപെടലുകളിലൂടെ സൗദി നിതാഖത്ത് വിഷയത്തിൽ പ്രവാസി ഇന്ത്യാക്കാർക്ക് നിയമപ്രകാരം സ്പോൺസറെ മാറ്റുന്നതിനും Ban on Re - entry ഉൾപ്പെടെയുള്ള ശിക്ഷാനടപടികൾ ഒഴിവാക്കികൊണ്ട് നാട്ടിലേക്ക് മടങ്ങാനാഗ്രഹിക്കുന്നവരെ നിയമപ്രകാരം തിരികെ അയക്കുന്നതിനും ഈ മാസം അവസാനം വരെ സൗദി സർക്കാർ സമയം അനുവദിച്ചിട്ടുണ്ട്. ഈ ആനുകൂല്യം പരമാവധി പ്രയോജനപ്പെടുത്തുന്നതിനും |

| | |
|---|---|
| | അതിനായി രജിസ്റ്റർ ചെയ്യുന്ന മലയാളികളുടെ പ്രശ്നങ്ങൾ വിലയിരുത്തുന്നതിനും ബഹു. നോർക്ക വകുപ്പ് മന്ത്രിയുടെ നേതൃത്വത്തിൽ ഉദ്യോഗസ്ഥരടങ്ങുന്ന സംഘം സൗദി അറേബ്യ സന്ദർശിക്കുകയും ഇന്ത്യൻ സ്ഥാനപതിയുമായി വിശദമായ ചർച്ചകൾ നടത്തുകയും ചെയ്തിട്ടുണ്ട്. വിദേശരാജ്യങ്ങളിൽ നിന്നും തൊഴിൽ നഷ്ടപ്പെട്ട് തിരികെയെത്തുന്നവരുടെ പുനരധിവാസത്തിന് ഒരു സമഗ്ര പദ്ധതി തയ്യാറാക്കുന്നതിന് നോർക്ക മന്ത്രിയുടെ അദ്ധ്യക്ഷതയിൽ ഒരു മന്ത്രിസഭാ ഉപസമിതി രൂപം നൽകിയിട്ടുണ്ട്. പദ്ധതി രൂപരേഖ തയ്യാറാക്കുന്ന കാര്യം അന്തിമഘട്ടത്തിലാണ്. ഇതുകൂടാതെ തിരികെയെത്തുന്നവരെ സഹായിക്കുന്നതിനായി സംസ്ഥാനത്തെ മൂന്ന് എയർപോർട്ടുകളിലും ഹെൽപ് ഡെസ്കുകളും ആരംഭിച്ചിട്ടുണ്ട്. കേന്ദ്ര സർക്കാർ നയതന്ത്രതലത്തിൽ ഈ വിഷയത്തിൽ ഇടപെട്ടുവരികയാണ്. |
| (ഡി) പ്രവാസി മലയാളികളെ നാട്ടിലെത്തിക്കാൻ ഇതിനകം എന്തു തുക ചെലവഴിച്ചെന്ന് വെളിപ്പെടുത്താമോ? | (ഡി) സ്വദേശിവൽകരണം മൂലം തിരികെ മുംബൈയിലും ഡൽഹിയിലും എത്തിയ പ്രവാസി മലയാളികളെ നാട്ടിലെത്തിക്കാൻ ഇതിനകം 1,01,543 രൂപ നോർക്ക – റൂട്ട്സ് വഴി ചെലവായിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ